**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1712** **08-10-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | (എ) സാമൂഹ്യനീതി വകുപ്പും കേരള സോഷ്യൽ സെക്യൂരിറ്റി മിഷനും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം I, II എന്നിവയായി ചേർക്കുന്നു. |
| (ബി) | ശ്രുതിതരംഗം ഉൾപ്പെടെയുള്ള പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | (ബി) ശ്രുതിതരംഗം ഉൾപ്പെടെയുള്ള പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു. |
| (സി) | മുൻ സർക്കാരിന്റെ കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയതും നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | (സി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന സ്നേഹസാന്ത്വനം പദ്ധതി ഒഴികെയുള്ള എല്ലാ പദ്ധതികളും സംസ്ഥാനം ഒട്ടാകെ നടപ്പിലാക്കുന്നവയാണ്. ടി പദ്ധതി സഹായങ്ങൾ വടക്കാഞ്ചേരി മണ്ഡലത്തിലെ ഗുണഭോക്താക്കൾക്കും ലഭ്യമാണ്. |
| (ഡി) | 2016 മുതൽ നാളിതുവരെ മണ്ഡലത്തിൽ ശ്രുതിതരംഗം പദ്ധതിയിൽ എത്ര പേർ ഗുണഭോക്താക്കളായി എന്ന വിവരം ലഭ്യമാക്കാമോ ? | (ഡി) | (ഡി)ശ്രുതിതരംഗം പദ്ധതിയിൽ 2016 മുതൽ നാളിതുവരെ വടക്കാഞ്ചേരി മണ്ഡലത്തിലെ 3 പേർ പദ്ധതി ഗുണഭോക്താക്കളാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – II

1. **ക്യാൻസർ സുരക്ഷാ പദ്ധതി**: 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷ. ടി പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു.
2. **താലോലം പദ്ധതി**: ജന്മനായുള്ള ഹൃദയ വൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു.
3. **ആശ്വാസകിരണം പദ്ധതി** : ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാംവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി. ടി പദ്ധതി പ്രകാരം പ്രതിമാസം 600/- രൂപ ധനസഹായം അനുവദിച്ച് വരുന്നു. നിലവിൽ 95152 പേർ പദ്ധതി ഗുണഭോക്താക്കൾ ആണ്.
4. **സ്നേഹസ്പർശം പദ്ധതി** : 2010-11 സാമ്പത്തിക വർഷത്തിലാണ് പദ്ധതി ആരംഭിച്ചത്. ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് സ്നേഹസ്പർശം. ടി പദ്ധതി പ്രകാരം പ്രതിമാസം 2000/- രൂപ ധനസഹായം അനുവദിച്ച് വരുന്നു.
5. **എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ** : 2010

ഡിസംബറിൽ ആരംഭിച്ച പദ്ധതിയാണിത്. എൻഡോസൾഫാൻ ദുരിത ബാധിതരിൽ ദീർഘകാല ചികിത്സ ആവശ്യമുള്ളവരും , രോഗാവസ്ഥയിലുള്ളവരും, തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗപെൻഷൻ വാങ്ങുന്നവർക്കും 1700/- രൂപ നിരക്കിലും പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപ നിരക്കിലും പ്രതിമാസ ധനസഹായം നൽകി വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് 2000, 3000, 4000 എന്നീ നിരക്കിലുള്ള ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതരിൽ പൂർണ്ണമായും കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 700/- രൂപ ധനസഹായം അനുവദിക്കുന്ന സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി നടപ്പാക്കി വരുന്നു.

6. <u>വയോമിത്രം പദ്ധതി</u> : നഗരസഭകളുമായി ചേർന്നു കൊണ്ട് 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ , സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് വയോമിത്രം പദ്ധതി. ടി പദ്ധതി നിലവിൽ 89 മുനിസിപ്പാലിറ്റി, 6 കോർപ്പറേഷൻ, 5 ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പിലാക്കി വരുന്നു. 2019-20 വർഷത്തിൽ വയോമിത്രം പദ്ധതി ബ്ലോക്ക് അടിസ്ഥാനത്തിൽ ആരംഭിക്കുവാൻ സാധിച്ചു. നിലവിൽ 5 ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പിലാക്കി വരുന്നു.

7. <u>ശ്രുതിതരംഗം പദ്ധതി</u> : 5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാൻറേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം . സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സ.ഉ (എം.എസ ) നം.640/17/സാനീവ തീയതി: 28/09/17 ഉത്തരവ് പ്രകാരം ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിന് മുൻപ് രക്ഷിതാക്കളുടെ സ്വന്തം ചിലവിൽ കോക്ലിയാർ ഇംപ്ലാൻറേഷൻ സർജറി നടത്തിയ 25 വയസ്സു വരെയുള്ളവർക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്ത് എക്സ്റ്റൻഡഡ് വാറൻറി നൽകുന്നതിനുള്ള ധ്വനി പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ സ.ഉ (ആർ.ടി) നം. 79/2020/സാ.നീ.വ തീയതി 14.02.2020 പ്രകാരം കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിൻറനൻസ് നടത്തി നൽകുന്നതിനായി മാനദണ്ഡങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിൻറെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

8. <u>വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി</u> : സംസ്ഥാനത്തെ വൈകല്യം ബാധിച്ച മുഴവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിയാണിത്. 2009 മുതൽ 2012 വരെ പഞ്ചായത്ത് തല ക്യാമ്പുകളാണ് സംഘടിപ്പിച്ചിരുന്നത്. പിന്നീട് ബ്ലോക്ക്തലത്തിൽ ക്യാമ്പുകൾ നടത്തി. കൂടാതെ ദേശീയ തലത്തിൽ വൈകല്യമുള്ള വ്യക്തികളുടെ സ്ഥിതി വിവര കണക്കുകൾ ലഭ്യമാക്കുന്നതിനും, ഇവർക്ക് ദേശീയ തലത്തിൽ ഏകീകൃത രൂപത്തിലുള്ള തിരിച്ചറിയൽ കാർഡുകൾ ( UDID – Unique ID for Persons with Disabilities ) നൽകുന്നതിനുമുള്ള ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെൻറിൻറെ Ministry of Social Justice & Empowerment ലെ Department of Empowerment of Persons with Disabilities രൂപം നൽകിയിട്ടുണ്ട് ഇതിനാവശ്യമായ Software ഉം ദേശീയ തലത്തിൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്.

9. <u>സ്നേഹപൂർവ്വം പദ്ധതി</u> : മാതാവോ, പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭവനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്.ഐ.വി/എയ്ഡ്സ് ബാധിതരായ കുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 70,000-ത്തോളം കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. സ്നേഹപൂർവം പദ്ധതിയിലെ കൗമാരക്കാരായ കുട്ടികൾക്ക് 14 ജില്ലകളിലും 100 കുട്ടികളെ ഉൾപ്പെടുത്തി രണ്ടു ദിവസത്തെ ജീവിതനൈപുണ്യ പരിശീലന പരിപാടിയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ ഉത്തരവ് നം സ.ഉ(കൈ)02/2018/സാനീവ തീയതി:03/02/2018 പ്രകാരം സർക്കാർ മേഖലയിലെ ഐ.ടി.ഐ/പോളിടെക്നിക്കുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ കൂടി നിലവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 750/- രൂപ നിരക്കിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

10. <u>വി-കെയർ</u> : കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമപരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമ മാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യ, സാമൂഹ്യ,മാനസിക പരിചരണം ലഭിക്കാൻ നിർവ്വാഹമില്ലാത്തതോ അതിന് തീരെ നിവർത്തിയില്ലാത്തതോ ആയ കേരളത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാൻ തക്കവിധത്തിൽ അടിസ്ഥാന ഫണ്ട് കണ്ടെത്താനുള്ള ഒരു ഉദ്യമമാണ് ഈ പദ്ധതി. ഇപ്രകാരം സമാഹരിക്കുന്ന തുക സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങളുടെ ചികിത്സ, സാമ്പത്തിക സഹായം, ജീവനോപാധി കണ്ടെത്തുവാനുള്ള സഹായം, പഠന സഹായം തുടങ്ങിയവയ്ക്കായി വിനിയോഗിക്കുന്നു.

വീകെയർ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന ഫണ്ട് വിനിയോഗിച്ച് അർഹരായ രോഗികൾക്ക് കിഡ്നി/ലിവർ ട്രാൻസ്പ്ലാൻറേഷൻ, ബോൺമാരോ ട്രാൻസ്പ്ലാൻറേഷൻ, ബ്രയിൻ സ്റ്റിമുലേഷൻ സർജറി, കാർഡിയാക് സർജറി, ഇടുപ്പ് എല്ല്/മുട്ട് മാറ്റിവയ്ക്കൽ സർജറി, ഹോർമോൺ തെറാപ്പി കൂടാതെ സഹായ ഉപകരണങ്ങൾ എന്നിവ ഈ പദ്ധതി പ്രകാരം നൽകി വരുന്നു.

11. <u>സമാശ്വാസം</u> : വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി. ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപയും വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപയും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപയും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപയും നൽകി വരുന്നു.

12. <u>ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കുള്ള സമഗ്ര പദ്ധതി (മിഠായി).</u>

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് "മിഠായി". ടി പദ്ധതി ജുവനൈൽ പ്രമേഹരോഗം (ടൈപ്പ് 1) ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകാനാണ് ലക്ഷ്യമിടുന്നത് . പ്രധാനമായും 5 മുതൽ 15 വയസ്സുവരെയുള്ള കുട്ടികളെയാണ് ടി രോഗം ബാധിക്കുന്നത്. രോഗത്തിന്റെ എല്ലാ സങ്കീർണ്ണതകളോടും കൂടി രോഗബാധിതർക്ക് ജീവിക്കേണ്ട അവസ്ഥയോടൊപ്പം മുതിർന്നവരിൽ കാണുന്ന ടൈപ്പ് 2 ഡയബറ്റീസിൻറെ ചികിത്സയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് കൂടുതൽ സങ്കീർണ്ണവും വ്യത്യസ്തവുമാണ്. ടി പദ്ധതിയിലൂടെ

കുട്ടികൾക്ക് ഗ്ലൈക്കോ മീറ്ററും ഇൻസുലിൻ പമ്പും നൽകി ആധുനീക രീതിയിലുള്ള പ്രമേഹ ചികിത്സ സൗജന്യമായി ലഭ്യമാക്കി വരുന്നു. ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീനലവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത് . ടി പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം ,തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക ടൈപ്പ് 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെൻററുകളിൽ ഒരു എം എസ് സി നഴ്സിന്റെയും ഡയറ്റീഷ്യൻറെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

13. <u>സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ്</u>

അംഗപരിമിത മേഖലയിൽ അനിവാര്യമായ ഇടപെടലുകൾ നടത്തുന്നതിനും സംസ്ഥാനത്തെ അംഗപരിമിത സൗഹ്ദമാക്കുന്നതിനും വേണ്ടി അനുയാത്ര എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ (എസ്.ഐ.ഡി) നടപ്പാക്കി വരികയാണ്. അംഗപരിമിത മേഖലയിൽ നടപ്പാക്കേണ്ട പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ പുനരധിവാസം വരെയുള്ള ജീവിത ചക്ര സമീപനമാണ് അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര കാഴ്ച്ചപ്പാടുകൾക്കും സമീപനങ്ങൾക്കും അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിനനുസൃതമായുമാണ് അനുയാത്ര പദ്ധതികൾ ആസൂത്രണം ചെയ്ത് ഘട്ടംഘട്ടമായി നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

എ. <u>ഡിസ്ട്രിക് ഏർളി ഇൻററർവെൻഷൻ സെന്റേഴ്സ്</u>

- വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോട്ടു കൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണം കൊല്ലം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ പൂർത്തിയാക്കിയിട്ടുണ്ട്.
- നിർമ്മാണം പൂർത്തിയായ കൊല്ലം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട് ജില്ലകളിലെ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിൽ ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കിയിട്ടുണ്ട്.
- വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇൻററർവെൻഷൻ സെൻററുകൾ പ്രവർത്തിച്ചുവരുന്നു. അംഗപരിമിതരുടെ സ്ക്രീനിംഗ് , ഏർളി ഇൻററർവെൻഷൻ, പരിശീലനങ്ങൾ തുടങ്ങിയവ ഈ സെൻററുകളിലൂടെ ലഭ്യമാക്കുന്നു.
- ഗ്രാമ പ്രദേശങ്ങളിലുള്ള അംഗപരിമിത രായവർക്ക് അവരുടെ വീടിനടുത്തു വെച്ചു തന്നെ തുടർച്ചയായി തെറാപ്പികൾ നൽകുന്നതിനായി 25 മൊബൈൽ ഇൻററർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.
- അനുയാത്ര പദ്ധതിയുടെ കീഴിൽ വരുന്ന വിവിധ പരിപാടികളുടെ ജില്ലാതലത്തിലെ നടത്തിപ്പും ഏകോപനവും നിരീക്ഷണത്തിനും വിലയിരുത്തുന്നതിനുമായി ജില്ലാതല കോർഡിനേറ്റർമാർ പ്രവർത്തിച്ചുവരുന്നു.
- അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഇവരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുമുള്ള സംവിധാനമായി പ്രവർത്തിക്കുന്നതിനും വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻറെ ഓഫീസിൽ ഒരു ഹെൽപ്പ്ഡെസ്ക് പ്രവർത്തിച്ചു വരുന്നു.

- അനുയാത്രാ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ അർഹതപ്പെട്ടവരിൽ എത്തിക്കുന്നതിനായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, എന്നിവ നടപ്പാക്കുന്നതിനായി വിവര വിദ്യാഭ്യാസ വ്യാപന പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- അനുയാത്രയുടെ ഭാഗമായി ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ജില്ലാതലത്തിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെൻററുകൾ മട്ടന്നൂർ, മാടായി, എരിഞ്ഞോളി, താനാളൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.
- പ്രി സ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനും ഇത്തരം കുട്ടികളിൽ പരമാവധി പേരെ സാധാരണ സ്കൂളുകളിൽ അയക്കുന്നതിനും വേണ്ട ഇടപെടലുകൾ നടത്തുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിൻെറ സേവനത്തോടു കൂടിയ സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നുവരുന്നു.

ബി. യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ്

- നവജാതശിശുക്കളുടെ കേൾവി പരിശോധന കേരളത്തിലെ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. ഒ.എ.ഇ സ്ക്രീനർ ഉപയോഗിച്ചുള്ള പരിശോധനയിൽ വിദഗ്ധ പരിശോധന ആവശ്യമുള്ള ശിശുക്കളെ റഫർ ചെയ്തു വരുന്നു.

സി. ഓട്ടിസം സ്പെക്ട്രം ഡിസോഡർ

- സംസ്ഥാനത്തെ ഗവ.മെഡിക്കൽ കോളേജുകളിലും, (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി) കോഴിക്കോട് IMHANS - ലും ഓട്ടിസം സെൻററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു.
- ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലക്ഷ്യമാക്കുന്നതിന് ഉതകും വിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരൻറൽ എംപവർമെൻറ് പ്രോഗ്രാം മലപ്പുറം ജില്ലയിൽ നടന്നുവരുന്നു.
- ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ പുനരധിവാസ പ്രവർത്തനങ്ങളും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങളും, പരിശീലനങ്ങളും നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിക്കൽ ആൻഡ് റിഹാബിലിറ്റേഷൻ (NIPMR) ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെൻറർ പ്രവർത്തിച്ചുവരുന്നു.

ഡി. ട്രയിനിംഗ്,വർക്ഷോപ്പ് ആന്റ് ന്യൂ ഇനിഷ്യേറ്റീവ്സ്

- ശരീരത്തിലെ നട്ടെല്ലിനേയും സന്ധികളേയും ബാധിക്കുന്നതും നട്ടെല്ലിനെ ദൃഢമാക്കി ചലനശേഷിയെ ബാധിക്കുകയും ക്രമേണ വൈകല്യത്തിലേക്ക് നയിക്കുകയും ചെയ്യുന്ന രോഗമായ Ankylosing Spondylitis ബാധിച്ചവർക്കായുള്ള ചികിത്സാ പദ്ധതി ആരംഭിച്ചിട്ടുണ്ട്.
- തിരുവനന്തപുരം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിൽ

കഴിയുന്നവർക്ക് കുടുംബാംഗങ്ങളെ കൂടി കൂടെനിർത്തി ചികിത്സയുടെ ഭാഗമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായുള്ള കെട്ടിടനിർമ്മാണം അവസാന ഘട്ടത്തിലാണ്.

- National Institute of Physical Medicine and Rehabilitation ൽ കോവിഡ് നിയന്ത്രണം മൂലം തെറാപ്പി സൗകര്യങ്ങൾക്കായി എത്തിച്ചേരാൻ സാധിക്കാത്തവർക്കായി ഓൺലൈനിലൂടെ തെറാപ്പി ലഭ്യമാക്കുന്ന പദ്ധതി.
- സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശാക്തീകരിക്കുന്നതിനായി വെള്ളായണി കാർഷിക സർവ്വകലാശാലയിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഉദ്യാന പരിപാലന ചികിത്സയിലൂടെ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.
- വൈകല്യമുള്ള കുഞ്ഞുങ്ങളുടെ മാതാപിതാക്കൾക്കായി കൗൺസിലിംഗും മാർഗ്ഗനിർദ്ദേശവും നൽകുന്ന പദ്ധതി നാഷണൽ ഇനിസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻറ് ഹിയറിംഗുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.
- ഭിന്നശേഷിക്കാർക്കായി സഞ്ചാര സ്വാതന്ത്ര്യവും സഹായ ഉപകരണങ്ങളുടെ ലഭ്യതയും പരിശീലനവും ഉറപ്പുവരുത്തുന്നതിനായി National Institute of Physical Medicine and Rehabilitation ൽ സെൻറർ ഫോർ മൊബിലിറ്റി ആൻറ് അസിസ്റ്റീവ് ഡിവൈസസ് ആരംഭിച്ചിട്ടുണ്ട്.
- തിരുവനന്തപുരം ഗവ.മെഡിക്കൽ കോളേജിൽ കേൾവിക്കുറവുള്ള കുട്ടികൾക്കായി സ്പീച്ച് തെറാപ്പിയും മറ്റ് അനുബന്ധ ആധുനിക സൗകര്യങ്ങളും ഉള്ള ആഡിറ്ററി വെർബൽ തെറാപ്പി സെൻറർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

## ഇ. <u>അസിസ്റ്റൻസ് ടു നാഷണൽ ഇന്സ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ</u>

- സെറിബ്രൽ പാൾസി, ചലന വൈകല്യം എന്നിവയുള്ള കുട്ടികളുടേയും മുതിർന്നവരുടേയും ചലനങ്ങൾ വിലയിരുത്തി ആവശ്യമായ ചികിത്സ, തെറാപ്പി എന്നിവ നൽകുന്നതിലേക്ക് ഇൻസ്ട്രുമെൻറഡ് ഗൈറ്റ് ആൻറ് മോഷൻ അനാലിസിസ് ലാബ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽമെഡിസിൻ ആൻറ് റിഹാബിലിറ്റേഷനിൽ ആരംഭിച്ചിട്ടുണ്ട്.
- ഭിന്നശേഷിക്കാർക്ക് ആവശ്യമായ വെർച്വൽ റിഹാബിലിറ്റേഷൻ നൽകുന്നതിനുതകുന്ന കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ വിർച്ചൽ റിയാലിറ്റി, ഓഗ്മെൻറഡ് റിയാലിറ്റി പരിശീലനം നൽകുന്ന വെർച്ചൽ റിയാലിറ്റി റിഹാബിലിറ്റേഷൻ സിസ്റ്റം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷനിൽ ആരംഭിച്ചിട്ടുണ്ട്
- ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി തടസ്സരഹിത പ്രവേശനവും സഞ്ചാരവും ഉറപ്പാക്കുന്നതിനായി പ്രത്യേകം തയ്യാറാക്കിയ ആംബുലൻസ് സർവ്വീസ് സേവനത്തിനായി വീൽ ട്രാൻസ് പ്രോജക്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷനിൽ ആരംഭിച്ചിട്ടുണ്ട്.
- നാഡീ സംബന്ധമായ പ്രശ്നങ്ങൾ കാരണം ചലനശേഷിയിലും പ്രവർത്തന ക്ഷമതയിലും ബുദ്ധിമുട്ട് നേരിടുന്ന വ്യക്തികളെ ചികിത്സിക്കുന്ന ആധുനിക സംവിധാനമായ ന്യൂറോ ഫിസിയോതെറാപ്പി യൂണിറ്റ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷനിൽ ആരംഭിച്ചിട്ടുണ്ട്.
- ഭിന്നശേഷിക്കാരുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി അവരുടെ സാമൂഹ്യ ഇടപെടൽ മെച്ചപ്പെടുത്തുന്നതിനും സർഗ്ഗാത്മക ശേഷി വളർത്തുന്നതിനുമായി ആരംഭിച്ച ആർട്ട് എബിലിറ്റി സെൻററിൽ ഒരു പോട്ടറി ആൻറ് സിറാമിക് യൂണിറ്റ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ

മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആരംഭിച്ചിട്ടുണ്ട്.

എഫ്. <u>പ്രതിരോധം, പ്രാരംഭ നിർണ്ണയം, കണ്ടെത്തൽ, രോഗനിവാരണം, രക്തസംബന്ധ-മായതും, നാഡീവ്യൂഹ സംബന്ധമായതുമായ വൈകല്യങ്ങളുടെ നിയന്ത്രണം.</u>

- കേന്ദ്രനാഡീവ്യവസ്ഥയെ ബാധിക്കുന്നതും നട്ടെല്ലിനും ഞരമ്പുകൾക്കും ക്ഷതം സംഭവിച്ച് ക്രമേണ വൈകല്യത്തിലേക്ക് നയിക്കുകയും ചെയ്യുന്ന രോഗമായ Multiple Sclerosis ബാധിച്ചവർക്കായുള്ള ചികിത്സാ പദ്ധതി.
- ഗെയിറ്റ്, മോഷൻ അനാലിസിസ് എന്നിവ ഉൾപ്പെടെ ദീർഘകാല നാഡീവ്യൂഹ രോഗികളുടെ അവസ്ഥയും സേവനങ്ങളുടെ വിലയിരുത്തലിനും മാനേജ്മെന്റിനുമായുള്ള സ്റ്റേറ്റ് രജിസ്ട്രി തയ്യാറാക്കുന്നതിനുള്ള പദ്ധതി നിപ്മർ ആസ്ഥാനമാക്കി ആരംഭിച്ചിട്ടുണ്ട്.

ജി) <u>പ്രളയബാധിതരായ അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ നല്കുന്ന പദ്ധതി</u>

വെള്ളപ്പൊക്കത്തിൽ സഹായ ഉപകരണങ്ങൾ നഷ്ടപ്പെട്ടുപോയ ഭിന്നശേഷിക്കാർക്ക് NIPMR വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സഹായ ഉപകരണങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ട്.

അനുബന്ധം - I

## സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റ് വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച റിപ്പോർട്ട്

### എ) ഭിന്നശേഷി വിഭാഗം

- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി
- വിദ്യാകിരണം പദ്ധതി
- വിദ്യാജ്യോതി പദ്ധതി
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള ധനസഹായ പദ്ധതി
- മാതൃജ്യോതി പദ്ധതി
- പരിണയം പദ്ധതി
- ഭിന്നശേഷിയുള്ളവർക്ക് ചികിത്സാ ധനസഹായ പദ്ധതി
- ശാരീരിക വെല്ലുവിളികൾ/കാഴ്ചപരമായ വെല്ലുവിളികൾ നേരിടുന്ന അഭിഭാഷകർക്ക് എക്സ്ഗ്രേഷ്യ, റീഡേഴ്സ് അലവൻസ് എന്നിവ നൽകുന്ന പദ്ധതി
- സ്വാശ്രയ പദ്ധതി
- ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് പദ്ധതി
- വിജയാമൃതം പദ്ധതി
- സഹചാരി പദ്ധതി
- പരിരക്ഷ പദ്ധതി
- സഹായ ഉപകരണ വിതരണ പദ്ധതി
- ഭിന്നശേഷിക്കാർക്കുള്ള വ്യക്തിഗത പരിപാലന പദ്ധതി
- ബാരിയർ ഫ്രീ കേരള
- നിരാമയ പദ്ധതി
- പുനർജ്ജനി പദ്ധതി
- നാഷണൽ ട്രസ്റ്റ് ലീഗൽ ഗാർഡിയൻഷിപ്പ്
- അംഗപരിമിത നിയമനം
- അംഗപരിമിതർക്കുള്ള ദിനാചരണവും സംസ്ഥാന അവാർഡ് വിതരണവും
- സർക്കാർ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ
- സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ പദ്ധതി
- വൈകല്യമുള്ളവർക്കായുള്ള സർക്കാർ ക്ഷേമ സ്ഥാപനങ്ങൾ
- അക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ
- അതിജീവനം സമഗ്ര പദ്ധതി

### സാമൂഹ്യ പ്രതിരോധം

- ജയിൽ തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായ പദ്ധതി
- ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി

- ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി
- മുൻ കുറ്റവാളികൾ, പ്രൊബേഷണർമാർ എന്നിവർക്കായുള്ള ധനസഹായ പദ്ധതി
- അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി
- മാനസികാരോഗ്യകേന്ദ്രത്തിൽ കഴിയുന്ന വിചാരണ തടവുകാരുടെയും കോടതി വിടുതൽ ചെയ്തിട്ടും മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിയുന്നവരുടെയും പുനരധിവാസ പദ്ധതി
- അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.
- ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോം അംഗീകാരമുള്ള വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള വിവാഹ ധനസഹായം.
- Probation of Offenders Act 1958, Kerala Probation of Offenders Rule 1960, എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## ട്രാൻസ്ജെൻഡർ വിഭാഗം

- തിരിച്ചറിയൽ കാർഡ് വിതരണം
- സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി
- ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്
- ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്ന പദ്ധതി
- സംരംഭകത്വ വികസന പരിശീലന പരിപാടി
- എച്ച്.ഐ.വി സീറോ സർവൈലൻസ് സെന്റർ
- 24×7 ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ
- ബ്യൂട്ടിഷൻ പരിശീലന പദ്ധതി
- തയ്യൽ മെഷീൻ വിതരണ പദ്ധതി
- ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം
- SRS കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി
- സ്വയം തൊഴിൽ ധനസഹായം
- വനിതാവികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി
- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം
- ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി
- കെയർ ഹോം/ ഷോർട്ട് സ്റ്റേ ഹോമുകൾ
- നൈപുണ്യ വികസന പരിശീലന പരിപാടി

## വയോജന വിഭാഗം

- സായംപ്രഭാ ഹോം പദ്ധതി
- മന്ദഹാസം പദ്ധതി
- വയോഅമൃതം പദ്ധതി
- മ്യൂസിക് തെറാപ്പി

- വയോമധുരം പദ്ധതി
- മാതൃകാ സായംപ്രഭാ ഹോം പദ്ധതി
- യോഗാ തെറാപ്പി
- സെക്കൻറ് ഇന്നിംഗസ് ഹോം പ്രോജക്ട്
- Psycho Social Care for Elderly in Old Age Homes in Kerala Project
- ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്ന പദ്ധതി
- ട്രൈബ്യൂണലുകളിൽ വിചാരണയ്ക്കായി വന്നെത്തുന്ന വയോജനങ്ങൾക്കായി പദ്ധതി
- എറണാകുളം ജില്ലയിൽ മുഴുവൻ സമയ ഡിമെൻഷ്യാ കെയർ സെന്റർ, തൃശ്ശൂർ ജില്ലയിൽ പകൽ പരിപാലന ഡേ കെയർ സെന്റർ
- മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007, മുതിർന്ന പൗരൻമാർക്കു വേണ്ടിയുള്ള സംസ്ഥാന നയം 2013 എന്നിവ നിലവിലുണ്ട്. പ്രസ്തുത നിയമങ്ങൾക്ക് വിധേയമായുള്ള വിവിധ പദ്ധതിപ്രവർത്തനങ്ങൾ നടത്തിവരുന്നു.

**<u>മറ്റുള്ള പദ്ധതികൾ</u>**

- മിശ്ര വിവാഹ ധനസഹായ പദ്ധതി
- ദേശീയ ദിന/വാരാചരണങ്ങളും ഐ.ഇ.സി പ്രവർത്തനങ്ങളും
- മയക്കുമരുന്ന് ഉപയോഗം കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതി

## ബി) ഭിന്നശേഷി വിഭാഗം

**ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി**

ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ / പിജി കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 36,000/- രൂപയിൽ അധികരിക്കരുത്. സ്കോളർഷിപ്പിനായി അപേക്ഷിക്കുന്നതിന്റെ മുൻവർഷം കുറഞ്ഞത് 40% മാർക്ക് നേടിയിരിക്കണം. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 3 മാസത്തിനുള്ളിൽ സമർപ്പിക്കണം. അർഹതപെട്ട അപേക്ഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

| ശ്രേണി | ദിവസ വിദ്യാർഥികൾക്ക് | ഹോസ്റ്റൽ വിദ്യാർഥികൾക്ക് | റീഡേഴ്സ് ആലവൻസ് |
|---|---|---|---|
| 1 മുതൽ 4 വരെ | 300 | ---- | 200 |
| 5 മുതൽ 10 വരെ | 500 | ---- | 200 |
| +1, +2, ITI തത്തുല്യമായ | 750 | 1000 | 300 |

| | | | |
|---|---|---|---|
| കോഴ്സുകൾ | | | |
| ഡിഗ്രി, പിജി, പൊളിടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ | 1000 | 1500 | 400 |
| പ്രൊഫഷണൽ കോഴ്സുകൾ | 1000 | 1500 | 400 |

## വിദ്യാകിരണം പദ്ധതി

ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് ഒന്നാം ക്ലാസ്സ് മുതൽ പിജി /പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നതിനായി (സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ സർക്കാർ അംഗീകൃത കോഴ്സുകൾക്ക്) സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. 1 ലക്ഷം രൂപ വരുമാന പരിധി. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 2 മാസത്തിനുള്ളിൽ സമർപ്പിക്കണം.

- 1 മുതൽ 5 വരെ- സ്കോളർഷിപ്പ് നിരക്ക്- 300/- രൂപ
- 6 മുതൽ 10 വരെ- സ്കോളർഷിപ്പ് നിരക്ക്- 500/- രൂപ
- +1, +2, ITI തത്തുല്യമായ മറ്റ് കോഴ്സുകൾ-സ്കോളർഷിപ്പ് നിരക്ക്- 750/- രൂപ
- ഡിഗ്രി, പിജി, പൊളിടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ- സ്കോളർഷിപ്പ് നിരക്ക്- 1000/-രൂപ

## വിദ്യാജ്യോതി പദ്ധതി

ഗവ./എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒമ്പതാം ക്ലാസ്സ് മുതൽ പി.ജി കോഴ്സ് വരെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 2 മാസത്തിനുള്ളിൽ സമർപ്പിക്കണം.

- 9 മുതൽ 10 ക്ലാസ്സ്-പഠനോപകരണങ്ങൾക്ക്-1000 രൂപ (ഒരു ജില്ലയിൽ 50 കുട്ടികൾക്ക്)--യൂണിഫോം- 1500 രൂപ (ഒരു ജില്ലയിൽ 30 കുട്ടികൾക്ക്)
- Plus one, Plus two, ITI, പോളിടെക്നിക്ക്, VHSC------പഠനോപകരണങ്ങൾക്ക്-2000 രൂപ (ഒരു ജില്ലയിൽ 50 കുട്ടികൾക്ക്)--യൂണിഫോം- 1500 രൂപ (ഒരു ജില്ലയിൽ 30 കുട്ടികൾക്ക്)
- ഡിഗ്രി, ഡിപ്ലോമ, പ്രൊഫെഷണൽ കോഴ്സ്---പഠനോപകരണങ്ങൾക്ക്-3000 രൂപ (ഒരു ജില്ലയിൽ 25 കുട്ടികൾക്ക്)
- പോസ്റ്റ് ഗ്രാജ്വേഷൻ- പഠനോപകരണങ്ങൾക്ക്- 3000 രൂപ (ഒരു ജില്ലയിൽ 20 കുട്ടികൾക്ക്)

## ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള ധനസഹായ പദ്ധതി

SSLC, +2 തുല്യതാ പരീക്ഷ എഴുതുന്നതിനായി ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/പരീക്ഷാ ഫീസ് നൽകുന്ന പദ്ധതി. വിശദ വിവരങ്ങൾക്ക് ബന്ധപ്പെട്ട

ജില്ലാ സാമൂഹ്യനീതി ഓഫീസറെ സമീപിക്കുക.

- ഭിന്നശേഷി 40% വും അതിനുമുകളിലും.
- APL, BPL വ്യത്യാസമില്ലാതെ ധനസഹായം അനുവദിക്കുന്നു.
- നിലവിൽ 10th ക്ലാസ്സ് തുല്യതാ പരീക്ഷയ്ക്ക് 2350/- രൂപയും ഹയർ സെക്കന്ററി തുല്യതാകോഴ്സ് ഒന്നാം വർഷം 2950/-രൂപയും ഹയർ സെക്കന്ററി തുല്യതാകോഴ്സ് രണ്ടാം വർഷം 1950/-രൂപയും രൂപയുമാണ്.

## മാതൃജ്യോതി പദ്ധതി

കാഴ്ചവൈകല്യമുള്ള മാതാവിന് പ്രസവാനന്തരം തന്റെ കുഞ്ഞിനെ പരിചരിക്കുന്നതിന് പ്രതിമാസം 2000/- രൂപ നിരക്കിൽ കുട്ടിയ്ക്ക് 2 വയസ്സാകുന്നതുവരെ ധനസഹായം നൽകുന്ന പദ്ധതി.

- കാഴ്ചവൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്
- ആശുപത്രിയിൽ നിന്നുള്ള ഡിസ്ചാർജ് സർട്ടിഫിക്കറ്റ്.
- വരുമാന സർട്ടിഫിക്കറ്റ് (ബി.പി.എൽ ആണെങ്കിൽ റേഷൻ കാർഡിൻറെ പകർപ്പ്)
- ബാങ്ക് പാസ് ബുക്കിന്റെ ബന്ധപ്പെട്ട പേജ്
- വരുമാന പരിധി 1 ലക്ഷം രൂപ.

## പരിണയം പദ്ധതി

വികലാംഗത്വംമൂലം സാമ്പത്തിക ക്ലേശമനുഭവിക്കുന്നവരുടെ പെൺമക്കളെയും / വികലാംഗരായ പെൺകുട്ടികളെയും നിയമാനുസൃതം വിവാഹം ചെയ്തയയ്ക്കുന്നതിനുള്ള ചിലവിലേയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് "പരിണയം". ഗുണഭോക്താക്കൾക്ക് ഒറ്റ തവണ ധനസഹായമായി 30,000/ രൂപ വിതരണം ചെയ്യുന്നു. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കരുത്.

## ഭിന്നശേഷിയുള്ളവർക്ക് ചികിത്സാ ധനസഹായ പദ്ധതി

സംസ്ഥാന സർക്കാർ വികലാംഗ ദുരിതാശ്വാസനിധിയായി കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ലഭിക്കുന്ന പലിശത്തുക ഉപയോഗിച്ച് വികലാംഗരായ വ്യക്തികൾക്ക് ഒറ്റതവണ പരമാവധി 5,000 രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്ന പദ്ധതി.

- (വരുമാന പരിധി- ഗ്രാമങ്ങളിൽ 20,000/-, നഗരങ്ങളിൽ- 24,000/- രൂപ)
- ചികിത്സയിലാണെന്നുള്ള ഡോക്ടർ സർട്ടിഫിക്കറ്റ്
- കാഴ്ച വൈകല്യം, കേൾവിവൈകല്യം, MR, അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ, എന്നീ വിഭാഗത്തിൽപ്പെടുന്നവരാണ് ഗുണഭോക്താകൾ.
- അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

## ശാരീരിക വെല്ലുവിളികൾ/കാഴ്ചപരമായ വെല്ലുവിളികൾ നേരിടുന്ന അഭിഭാഷകർക്ക് എക്സ്ഗ്രേഷ്യ, റീഡേഴ്സ് അലവൻസ് എന്നിവ നൽകുന്ന പദ്ധതി

സാമൂഹ്യനീതി വകുപ്പ് മുഖേന കേരള സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടീസ് നടത്തുന്ന അന്ധരും അസ്ഥിതി വൈകല്യം ബാധിച്ചവരുമായ അഭിഭാഷകരുടെ വായനാസഹായിക്കുള്ള റീഡേഴ്സ് അലവൻസ് ആയി പ്രതിമാസം 4000/- രൂപയാണ് നൽകുന്നത്. ധനസഹായ പദ്ധതിയുടെ കാലാവധി 8 വർഷവുമാണ്. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

- അഭിഭാഷകർക്ക് നിയമപുസ്തകം, പ്രൊഫഷനൽ സ്യൂട്ട് വാങ്ങുന്നതിലേയ്ക്കായി എക്സ്ഗ്രേഷ്യ നോൺ റെക്കറിംഗ് ഫണ്ടായി ഒറ്റതവണ 3000/ രൂപയും അനുവദിക്കുന്നു.
- ഫുൾടൈം റീഡർ അസിസ്റ്റന്റ് ഉണ്ടെന്നുള്ള കോടതിയിലെ പ്രിസൈഡിംഗ് ഓഫീസറുടെ സാക്ഷ്യപത്രം, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപത്രം ഹാജരാകണം.
- വായനാസഹായി SSLC പാസായിരിക്കണം.

## സ്വാശ്രയ പദ്ധതി

തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്ന ബി.പി.എൽ കുടുംബത്തിൽപ്പെട്ട മാതാവിന് /രക്ഷകർത്താവിന്(സ്ത്രീ ആയിരിക്കണം) സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ഒറ്റതവണ ധനസഹായം നൽകുന്ന പദ്ധതി. ഒറ്റതവണ ധനസഹായമായി 35,000/- രൂപ അനുവദിക്കുന്നു. എട്ടാം ക്ലാസ്സ് വിദ്യാഭ്യാസം ലഭിച്ചിരിക്കണം. മാനസിക വെല്ലുവിളി 70% -ൽ കൂടുതലുള്ള വ്യക്തികളുടെ മാതാവ് / രക്ഷകർത്താവിന് മുൻഗണന. വിധവകൾ,ഭർത്താവ് ഉപേക്ഷിച്ച പോയ സ്ത്രീകൾ,നിയമപരമായി വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ജീവിച്ചിരുന്നിട്ടും വിവാഹബന്ധം വേർപെടുത്താതെ ഭർത്താവിൽ നിന്നും സഹായം ലഭ്യമാകാത്ത സ്ത്രീകൾ,അവിവാഹിതരായ അമ്മമാർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. സ്വയം തൊഴിൽ സംബന്ധിച്ച് വിശദമായ പ്രൊജക്ട് റിപ്പോർട്ട് സഹിതം അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

## ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് പദ്ധതി

ഭിന്നശേഷിയുള്ളവർക്ക് ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്സ്ട്രേഷൻ എന്നിവ വഴി വീട്ടിൽ തന്നെ ഇരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതിയാണിത്. അംഗപരിമിതർക്കിടയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകമാവും. രജിസ്സ്ട്രേഷൻ ഫീ, കോഴ്സ്ഫീ/ട്യൂഷൻഫീ, പരീക്ഷാഫീസ്, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ, എന്നിവയ്ക്ക് ആവശ്യമായ തുകയാണ് സ്കോളർഷിപ്പായി അനുവദിക്കുക. ഇത് പരമാവധി 10,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വരുമാന പരിധി 1 ലക്ഷം രൂപ. കേന്ദ്രസർക്കാരുകളുടെ മറ്റേതെങ്കിലും പദ്ധതിയിൽ പെടുന്ന ധനസഹായം ലഭിക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുകയില്ല.

## വിജയാമൃതം പദ്ധതി

വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി, പി.ജി / പ്രൊഫഷണൽ കോഴ്സ് എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന

തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന ഒരു പദ്ധതിയാണ് വിജയാമൃതം . ഇത്തരക്കാരെ വിദ്യാഭ്യാസത്തിലൂടെ അറിവ് സമ്പാദിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനും സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് എത്തിക്കുവാനും സാധിക്കുന്നു.

ഡിഗ്രി തലത്തിൽ ആർട്സ് വിഷയത്തിൽ 60 ശതമാനവും സയൻസ് വിഷയത്തിൽ 80 ശതമാനവും / അതിൽ കൂടുതൽ മാർക്ക് കരസ്ഥമാക്കിയവരുമായ വിദ്യാർഥികളാണ് ഗുണഭോക്താക്കൾ. പിജി/ പ്രൊഫഷനൽ കോഴ്സുകൾക്ക് 60 ശതമാനവും /അതിൽ കൂടുതൽ മാർക്ക് കരസ്ഥമായിരിക്കണം. അപേക്ഷകർ സർക്കാർ/ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ/ കോളേജുകൾ/ മറ്റ് അംഗീകൃത സ്ഥാപനങ്ങൾ ( പാരലൽ കോളേജ്, വിദൂര വിദ്യാഭ്യാസം) എന്നിവിടങ്ങളിൽ നിന്നും ആദ്യഅവസരത്തിൽ തന്നെ പാസായിരിക്കണം.

## സഹചാരി പദ്ധതി

പരസഹായം ആവശ്യമായ 40%നു മുകളിൽ വൈകല്യമുള്ള കുട്ടികളെ പഠനത്തിലും മറ്റ് കാര്യ നിർവ്വഹണങ്ങളിലും സഹായിക്കുന്ന /പ്രോത്സാഹിപ്പിക്കുന്ന NSS/NCC/SPC യൂണിറ്റിനെ ആദരിക്കുന്നതിനുള്ള പദ്ധതി . ഗവൺമെന്റ്/ എയിഡഡ്/ പ്രൊഫെഷണൽ കോളേജുകൾ ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികളെ സഹായിക്കുന്ന യൂണിറ്റിനെ ആണ് ആദരിക്കുന്നത് . ജില്ലയിൽ നിന്നും മികച്ച 3 യൂണിറ്റിന് ആണ് അവാർഡ് നൽകുന്നത്. വിദ്യാഭ്യാസ സ്ഥാപനം ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സഹായിക്കുന്ന യൂണിറ്റിനെയും അവാർഡിന് പരിഗണിക്കും.

## പരിരക്ഷ പദ്ധതി

അടിയന്തിര സാഹചര്യങ്ങൾ നേരിടേണ്ടിവരുന്ന അംഗപരിമിതർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി . അപകടങ്ങൾ/ആക്രമണങ്ങൾ/പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്ക് ഇരയാകുന്ന അംഗപരിമിതരാണ് ഗുണഭോക്താക്കൾ . അടിയന്തിര സഹായമായതിനാൽ വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്. 25,000/- രൂപ വരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് വിനിയോഗിക്കാവുന്നതാണ്. ആയതിന് മുകളിലുള്ള തുക വിനിയോഗിക്കുന്നതിന് മോണിട്ടറിംഗ് .കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കേണ്ടതാണ് . അപേക്ഷ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമുഖേന സമർപ്പിക്കേണ്ടതാണ്.

## സഹായ ഉപകരണ വിതരണ പദ്ധതി

അംഗപരിമിതരുടെ കൃത്യ നിർവ്വഹണത്തിന് തടസ്സമാകുന്ന വൈകല്യം മറികടക്കാനുതകുന്ന സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി . വരുമാന പരിധി ഒരു ലക്ഷം രൂപ . അപേക്ഷകൻ ആവശ്യപ്പെടുന്ന സഹായ ഉപകരണം ഉപയോഗിക്കുന്നതിന് അപേക്ഷകനു പ്രാപ്തിയുണ്ടെന്നുള്ള മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം. സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളിൽ നിന്നും ഒരു തവണ ഉപകരണം ലഭിച്ചവർ ടി പദ്ധതി പ്രകാരം അർഹരല്ല.

## നിരാമയ പദ്ധതി

സംസ്ഥാനത്തെ അംഗപരിമിതർക്ക് ആരോഗ്യ ഇൻഷുറൻസ് നൽകുന്നതിനുള്ള പദ്ധതി.

നാഷണൽ ട്രസ്റ്റ് രജിസ്റ്റർ ചെയ്ത സംഘടനകൾ വഴി നടപ്പിലാക്കുന്ന സ്കീമുകളിൽ പ്രധാനപ്പെട്ട ഒന്നാണ് നിരാമയ ഇൻഷ്വറൻസ് സ്കീം. ഒരു ലക്ഷം രൂപ വരെ വാർഷിക ചികിത്സാ ചെലവ് ലഭിക്കുന്നു. പദ്ധതിയിൽ ചേരുന്നതിന് ബി.പി.എൽ വിഭാഗം 250 രൂപയും, എ.പി.എൽ വിഭാഗം 500 രൂപയും പ്രീമിയം തുക അടക്കണം. കേരളത്തിൽ ഈ പ്രീമിയം തുക സംസ്ഥാന സർക്കാർ സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ വഴി അടക്കുന്നു. എല്ലാ വർഷവും എപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് പദ്ധതി കാലാവധി.

എല്ലാ വർഷവും പോളിസി പുതുക്കണം. പുതുക്കുന്നതിന് ബി.പി.എൽ വിഭാഗം 50 രൂപയും, എ.പി.എൽ വിഭാഗം 250 രൂപയും പ്രീമിയം തുക അടക്കണം. ഈ തുകയും കേരളത്തിൽ സംസ്ഥാന സർക്കാർ തന്നെയാണ് അടക്കുന്നത്.

**20.അംഗപരിമിത നിയമനം**

RPwD Act 2016-ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം സർക്കാർ സർവ്വീസിൽ 4% സംവരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നു. 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് താൽക്കാലിക അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള 2131 അംഗപരിമിതർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട്.

## സാമൂഹ്യ പ്രതിരോധം

**ജയിൽ തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായ പദ്ധതി**

ജയിൽ തടവിന് ശിക്ഷിക്കപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണയായി 15,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി. അഞ്ച് വർഷമോ അതിൽ കൂടുതലോ കാലം ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിഞ്ഞുവരുന്ന വ്യക്തികളുടെ ആശ്രിതർക്കാണ് ധനസഹായത്തിനുള്ള അർഹത ഉണ്ടായിരിക്കുന്നത്. കുറ്റവാളികളുടെ ആശ്രിതരെന്ന നിലയിൽ ഭാര്യ / ഭർത്താവ്, തൊഴിൽ രഹിതരും അവിവാഹിതരുമായ മകൻ/ മകൾ എന്നിവർക്കാണ് പ്രസ്തുത സഹായം അനുവദിക്കുന്നത്. അപേക്ഷകൻ BPL ലിസ്റ്റിൽ ഉൾപ്പെടുന്നവരായിരിക്കണം. കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകരെ ധനസഹായത്തിന് പരിഗണിക്കുന്നതല്ല. അപേക്ഷ അതാത് ജില്ലാ പ്രൊബേഷൻ ഓഫീസർ മുഖേന സമർപ്പിക്കേണ്ടതാണ്.

**ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി**

ബി.പി.എൽ കാരായ ജയിൽ തടവുകാരുടെ (സ്ത്രീ തടവുകാരുടെ മക്കളും, പുരുഷൻ ദീർഘകാലമായി ജയിൽ ശിക്ഷ അനുഭവിക്കുന്നതും മൂലം സ്ത്രീകൾ കുടുംബ നാഥകളാകുന്ന കുടുംബത്തിലെ) കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന

പദ്ധതിയാണിത്. കുട്ടികളുടെ ആഹാരം , വസ്ത്രം, സ്കൂൾ ഫീസ് തുടങ്ങിയ ചെലവുകൾക്കായി തുക അനുവദിക്കുന്നു. 5 വയസ്സിന് താഴെയും ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയും പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 3,000/- രൂപയും. ആറാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ 5,000/- രൂപയും. +1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 7,500/- രൂപയും. ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 10,000/- രൂപയും ലഭിക്കുന്നു. അപേക്ഷ അതാത് ജയിൽ സൂപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്.

**ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി**

ജയിൽ തടവുകാരുടെ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി ഒറ്റത്തവണയായി പരമാവധി 1 ലക്ഷം രൂപവരെ ധനസഹായം നൽകുന്ന പദ്ധതിയാണിത്. BPL ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം. ജീവപര്യന്തമോ വധശിക്ഷയ്ക്കോ ശിക്ഷിക്കപ്പെട്ട തടവുകാരുടെ കുട്ടികൾ ആയിരിക്കണം . (ഏറ്റവും കുറഞ്ഞത് 2 വർഷമായി ജയിലിൽ കഴിയുന്ന കുറ്റവാളികളുടെ മക്കൾ ആയിരിക്കണം ). നിർബന്ധമായും സർക്കാർ മെറിറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ആയിരിക്കണം. ഹയർസെക്കൻഡറി തലത്തിൽ 70% മോ അതിലധികമോ മാർക്ക് ലഭിച്ചിരിക്കണം. (കൂടുതൽ അപേക്ഷകർ ഉണ്ടാകുന്ന പക്ഷം മാർക്കിന്റെ ശതമാനം മാനദണ്ഡമാക്കി മുൻഗണന നൽകുന്നതാണ്). ഒരു കുടുംബത്തിൽ ഒന്നിൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിലും അനുകൂല്യം നൽകുന്നതാണ്. അപേക്ഷകൾ അതാത് അദ്ധ്യയന വർഷം ജയിൽ സൂപ്രണ്ട് മുഖേന നൽകേണ്ടതാണ്.

**മുൻ കുറ്റവാളികൾ, പ്രൊബേഷണർമാർ എന്നിവർക്കായുള്ള ധനസഹായ പദ്ധതി**

ദാരിദ്രമായ സാമ്പത്തികസാഹചര്യങ്ങളിൽ നിന്നുള്ള മുൻകുറ്റവാളികൾ , മേൽനോട്ടത്തിനു വിധേയമാക്കി വച്ചിരിക്കുന്ന കുറ്റവാളികൾ, തിരുത്തലിന് വേണ്ടിയോ അല്ലാതെയോ ഉള്ള സ്ഥാപനങ്ങളിലെ മുൻ അന്തേവാസികൾ (എക്സ്പ്യൂപ്പിൾസ്) എന്നിവരുടെ സാമൂഹിക പുനരധിവാസത്തിന്റെ ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് നിലവിൽ 15,000/- രൂപയാണ് നൽകി വരുന്നത്. അപേക്ഷകർ BPL പരിധിയിൽപ്പെട്ടവരായിരിക്കണം. ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി**

അതിക്രമത്തിനിരയായി കൊല്ലപ്പെട്ടവരുടേയും, കിടപ്പിലായവരെയും/ഗുരുതരമായി പരിക്കേറ്റവരുടെയും മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം അനുവദിക്കുന്ന ഒരു പദ്ധതി. അപേക്ഷകർ BPL പരിധിയിൽപ്പെട്ടവരായിരിക്കണം, കുടുംബത്തിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം . ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത് . കുട്ടികളുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും സംയുക്ത അപേക്ഷയോടൊപ്പം താമസിക്കുന്ന സ്ഥലത്തെ വാർഡ് കൗൺസിലർ/മെമ്പർ അല്ലെങ്കിൽ പഞ്ചായത്ത്/നഗരസഭാ അധ്യക്ഷ/അധ്യക്ഷൻ അല്ലെങ്കിൽ സ്ഥലത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവരിൽ ആരെങ്കിലും സർട്ടിഫിക്കറ്റ് നൽകണം. ഡിഗ്രി തലം മുതൽ വരുന്ന കോഴ്സുകളിൽ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ മെരിറ്റ് സീറ്റിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും

ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും. കുറ്റകൃത്യം നടന്ന് 5 വർഷത്തിനുള്ളിൽ ജില്ലാ പ്രൊബേഷൻ ഓഫീസിൽ അപേക്ഷിച്ചിരിക്കണം. ഒരു വർഷം അനുവദിച്ചാൽ കുട്ടിയുടെ വിദ്യാഭ്യാസം തുടരുന്നതിനായി സ്കൂൾ കോളേജ് മേധാവിയോ പുതുതായി വിദ്യാഭ്യാസത്തിന് ചേർന്ന സ്ഥാപന മേധാവിയോ സാക്ഷ്യപ്പെടുത്തുന്ന പക്ഷം തുടർ വർഷങ്ങളിലും തുക അനുവദിക്കാവുന്നതാണ്.

കുട്ടിയുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും സംയുക്ത അക്കൗണ്ടിലായിരിക്കും തുക കൈമാറുക. റോഡപകടങ്ങളിൽ കൊല്ലപ്പെടുന്നവരുടെ കുടുംബത്തിന് ഈ പദ്ധതിയിൽ നിന്നും തുക അനുവദിക്കില്ല.

**മാനസികാരോഗ്യകേന്ദ്രത്തിൽ കഴിയുന്ന വിചാരണ തടവുകാരുടെയും കോടതി വിട്ടുതൽ ചെയ്തിട്ടും മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിയുന്നവരുടെയും പുനരധിവാസ പദ്ധതി**

കോടതി വിട്ടുതൽ ചെയ്തിട്ടും മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കഴിഞ്ഞു വരുന്ന ഇരുപതോളം പേർ നിലവിലുണ്ട്. കൂടാതെ വിചാരണ തടവുകാരായ നിരവധിപേർ മാനസികാരോഗ്യകേന്ദ്രങ്ങളിൽ കഴിഞ്ഞുവരുന്നുണ്ട്. ഇത്തരക്കാരെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സൈക്കോസോഷ്യൽ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതി. മറ്റ് അത്യാവശ്യ ചികിത്സകൾക്ക് (ഹൃദയാഘാതം, അപകടങ്ങൾ) ഗവ. ഡോക്ടറുടെ സർട്ടിഫിക്കറ്റ് പ്രകാരം തുക അനുവദിക്കുന്നതാണ്. ഒരു വ്യക്തിക്ക് ഒരു വർഷം നൽകാവുന്ന സാമ്പത്തിക സഹായം 39,660/- രൂപയാണ്.

**<u>ട്രാൻസ്ജെൻഡർ വിഭാഗം</u>**

**തിരിച്ചറിയൽ കാർഡ് വിതരണം**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി യാതൊരു രേഖയും നിലവിലില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഇടപെട്ടുകൊണ്ട് വകുപ്പ് മുഖേന തിരിച്ചറിയൽ കാർഡ് നൽകി വരുന്നു. നിലവിൽ ഓൺ ലൈൻ സംവിധാനത്തിലൂടെയാണ് തിരിച്ചറിയൽ കാർഡ് നൽകി വരുന്നത്. സി-ഡിറ്റ് എന്ന സർക്കാർ സ്ഥാപനം മുഖേന ഒരു ഓൺലൈൻ മോഡ്യൂൾ തയ്യാറാക്കുകയും ഓരോ വ്യക്തികൾക്ക് സവിശേഷ തിരിച്ചറിയൽ നമ്പർ ലഭ്യമാക്കുകയും ആ നമ്പറിലൂടെ എല്ലാ സ്കീമുകളും ബന്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി**

പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. പഠിതാക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും താമസ സൗകര്യവും ഇതോടൊപ്പം നടപ്പാക്കി വരുന്നു. അടിസ്ഥാന സാക്ഷരത, നാലാം തരം, ഏഴാം തരം, പത്താം തരം, പന്ത്രണ്ടാം തരം എന്നീ വിദ്യാഭ്യാസ പദ്ധതികൾ ആണ്

നടപ്പിലാക്കിയിട്ടുള്ളത്.

**ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്**

നിലവിൽ സ്കൂളുകളിൽ/കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ് നൽകി വരുന്നു. സ്കൂൾതലം മുതൽ പ്രൊഫെഷണൽ ഡിഗ്രീ തലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം ലഭിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയും. ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് പ്രതിമാസം 1500 രൂപയും. കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000 രൂപയും ആണ് സ്കോളർഷിപ് തുക. ഇതിനായി അപേക്ഷകൾ ട്രാൻസ്ജെൻഡർ സെല്ലിലേക്ക് സമർപ്പിക്കാവുന്നതാണ്.

**ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്ന പദ്ധതി**

ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നിലവിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിലും, ഭൂരിഭാഗം വ്യക്തികളും കുടുംബങ്ങളിൽ നിന്ന് പുറന്തള്ളപ്പെട്ടതിനാലും അത്തരം വിദ്യാർത്ഥികൾക്ക് താമസിക്കുന്ന സ്ഥലത്തെ വാടക നൽകുന്നതിനായി പ്രതിമാസം 4000 രൂപ അനുവദിച്ചിട്ടുണ്ട്. സർക്കാർ/ എയിഡഡ്/ അൺ എയിഡഡ്/ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികളാണ് ഗുണഭോക്താക്കൾ.

**സംരംഭകത്വ വികസന പരിശീലന പരിപാടി**

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ സമൂഹത്തിനു സ്ത്രീകൾക്കും പുരുഷന്മാർക്കും ഒപ്പം തുല്യമായ അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കേണ്ടതാണ്.പ്രസ്തുത ലക്ഷ്യം മുൻനിർത്തി അതിജീവനത്തിനു ഇവരെ പ്രാപ്തരാക്കുന്നതിനായ് സംരംഭകത്വ വികസന പരിശീലനത്തിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ സ്ഥാപനമായ C-STED മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്. 90 ട്രാൻസ്ജെൻഡർ വ്യക്തികൾക്കാണ് ഈ പരിശീലനം നൽകിയിട്ടുള്ളത്.

**എച്ച് .ഐ.വി സീറോ സർവൈലൻസ് സെന്റർ**

സംസ്ഥാനത്ത് ആകെമാനമുള്ള ട്രാൻസ്ജൻഡർ സമൂഹത്തിന് തൊഴിൽ മേഖലയിലെ പിന്നോക്കാവസ്ഥ കാരണം സമൂഹം അംഗീകരിക്കാത്ത പല തൊഴിലുകളും ചെയ്യുന്നതിന് പ്രേരിപ്പിക്കുന്ന സാഹചര്യം നിലവിലുണ്ട്. അത്തരം തൊഴിൽ ചെയ്യേണ്ടിവരുന്നവരിൽ HIV ഉൾപ്പെടെ പല ആരോഗ്യപ്രശ്നങ്ങളും കണ്ടുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ HIV വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ ക്ഷേമ ബോർഡ് വഴി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സെന്ററിന്റെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തി വരുന്നുണ്ട്.

## 24×7 ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ

സംസ്ഥാനത്ത് സാമൂഹ്യ നീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24×7 ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി കൗൺസിലറിന്റെ സേവനം ഏതു സമയത്തും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന വ്യക്തിക്ക് ലഭിക്കുന്നതാണ്. ലഭിക്കുന്ന പരാതികൾക്കെതിരെ ഉചിതമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. പോലീസിന്റെ സേവനം അത്യാവശ്യമായിടത്ത് ആയത് എത്തിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചു വരുന്നു.

## ബ്യൂട്ടിഷൻ പരിശീലന പദ്ധതി

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന സംഘടനയായ ധ്വയ ട്രാൻസ്ജെൻഡേഴ്സ് ആർട്സ് ആൻഡ് ചാരിറ്റബിൽ സോസൈറ്റിയും (എറണാകുളം) സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടത്തുന്ന ബ്യൂട്ടിഷൻ പരിശീലന പദ്ധതി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത് സാമൂഹ്യനീതി വകുപ്പിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലിന്റെ നേതൃത്വത്തിലാണ് . പരിശീലന പരിപാടിയുടെ കാലാവധി 3 മാസം. പഠിതാക്കൾക്ക് പ്രതിമാസം ഒരു നിശ്ചിത തുക സ്റ്റൈപ്പൻഡ് നൽകുന്നതാണ്.

## തയ്യൽ മെഷീൻ വിതരണ പദ്ധതി

നിലവിൽ പല വിധത്തിലുള്ള വിവേചനങ്ങൾക്കും , അവകാശലംഘനങ്ങൾക്കും . വിധേയരാകേണ്ടി വരുന്ന ട്രാൻസ്ജൻഡർ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി സാമൂഹ്യ പുന :രധിവാസം ഉറപ്പാക്കേണ്ടതുണ്ട്. അയതുപ്രകാരം തയ്യൽ പഠിച്ച് പ്രവർത്തിപരിചയമുള്ള ട്രാൻസ്ജൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ആകമാനമുള്ള 100 ട്രാൻസ്ജൻഡർ വ്യക്തികൾക്ക് തയ്യൽ മെഷീൻ നൽകുവാൻ ആണ് തീരുമാനിച്ചിരിക്കുന്നത്. മെഷീനുകൾ ജില്ലകളിൽ വിതരണം ചെയ്തുവരുന്നു.

## ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികൾ പ്രധാനമായും നേരിടുന്ന വെല്ലുവിളിയാണ് ശാരീരിക മാറ്റം. ഇതിനായി ഭീമമായ തുക ട്രാൻസ്ജെൻഡർവ്യക്തികൾ ചിലവാക്കേണ്ടി വരുന്നുണ്ട്. പുരുഷനിൽ നിന്നും സ്ത്രീയിലേക്കും സ്ത്രീയിൽ നിന്നും പുരുഷനിലേക്കും ഉണ്ടാകുന്ന ശാരീരിക മാറ്റത്തിന് ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണ്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർവ്യക്തികൾക്ക് പരമാവധി രണ്ടു ലക്ഷം രൂപ വീതമാണ് ധനസഹായം നൽകിവരുന്നത്. അപേക്ഷകന് വകുപ്പ് നൽകുന്ന ട്രാൻസ്ജെൻഡർ ID card, മേൽ വിലാസം തെളിയിക്കുന്നതിനുള്ള രേഖ (Voters ID, Aadhaar) എന്നിവ ഉണ്ടായിരിക്കണം. ലിംഗമാറ്റ ശസ്ത്രക്രിയകൾക്ക് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ഏതെങ്കിലും ആശുപത്രിയിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയ ശേഷം വ്യക്തമായ ചികിത്സാ

റിപ്പോർട്ട്, ഡോക്ടറുടെ സാക്ഷ്യപത്രം , എന്നിവ ഹാജരാക്കേണ്ടതാണ്. ലിംഗമാറ്റത്തിനായുള്ള ആദ്യഘട്ട ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കും എല്ലാഘട്ടങ്ങളും പൂർത്തീകരിച്ചവർക്കും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ് . പ്രായ പരിധി 18 വയസ്സ് പൂർത്തിയായിരിക്കണം. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ആവശ്യമായ രേഖകൾ, ബാങ്ക് അക്കൗണ്ട് നമ്പർ (IFSC ഉൾപ്പെടെ) സഹിതം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

## SRS കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി

എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർജറി കഴിഞ്ഞ് 12 മാസത്തേക്ക് പോഷകാഹാരം വാങ്ങുന്നതിനും മറ്റു അനുബന്ധ ചിലവുകൾക്കുമായി ഒരു നിശ്ചിത തുക വകുപ്പ് വകയിരുത്തിയിട്ടുണ്ട്. പ്രതിമാസം 3000/- രൂപയാണ് വകുപ്പ് നൽകി വരുന്നത്. ഓരോ മാസവും നിശ്ചിത തുക ലഭിക്കുന്നതുമൂലം എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യം നല്ല രീതിയിൽ നിലനിർത്തുന്നതിനായി സഹായകരമാവും. ഇതിനായുള്ള അപേക്ഷകൾ സ്വീകരിക്കുകയും, അർഹരായവർക്ക് ധനസഹായം വിതരണം ചെയ്തു വരുകയും ചെയ്യുന്നു. അപേക്ഷകൾ വകുപ്പിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലിൽ നേരിട്ട് നൽകാവുന്നതാണ്.

## സ്വയം തൊഴിൽ ധനസഹായം

നിലവിൽ പല വിധത്തിലുള്ള വിവേചനങ്ങൾക്കും , അവകാശലംഘനങ്ങൾക്കും വിധേയരാകേണ്ടി വരുന്ന ട്രാൻസ്ജൻഡർ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി സാമൂഹ്യ പുന:രധിവാസം ഉറപ്പാക്കേണ്ടതുണ്ട്. ഇതിലേക്കായി ഇവർക്ക് സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. തൊഴിൽ സംരംഭം തുടങ്ങുന്നതിനായി ഒരു വ്യക്തിക്ക് 50,000/- രൂപ എന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . ട്രാൻസ്ജെൻഡർ ഐ.ഡി കാർഡ് നിർബന്ധമായും ഉണ്ടായിരിക്കണം. മേൽവിലാസം തെളിയിക്കുന്ന രേഖ (ഇലക്ഷൻ ഐ.ഡി/ആധാർ/ഡ്രൈവിംഗ് ലൈസൻസ് /പാസ് പോർട്ട് /സി.ബി.ഒയുടെ അംഗത്വം തെളിയിക്കുന്ന രേഖ (അംഗത്വ നമ്പർ സഹിതം). ബാങ്ക് പാസ് ബുക്കിന്റെ മുൻപേജിന്റെ പകർപ്പ് (ബാങ്കിന്റെ പേര് , ബ്രാഞ്ച്, IFSC ഉൾപ്പെടുന്നത്). ചെയ്യാനുദ്ദേശിക്കുന്ന സ്വയംതൊഴിലിന്റെ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ. പ്രായ പരിധി 18-നും 55-നും മദ്ധ്യേ. നിശ്ചിതമാതൃകയിലുള്ള അപേക്ഷ പ്രൊജക്റ്റിന്റെ വിശദമായ രൂപരേഖ സഹിതം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

## വനിതാവികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായിയുള്ള പദ്ധതിയാണ് ഇത് . വനിതാ വികസന കോർപ്പറേഷൻ മുഖേന ആയിരിക്കും തുക നൽകപ്പെടുക. ഒരു സംരംഭകർക്കോ സംരംഭകത്വത്തിനോ 3 ലക്ഷം രൂപ വരെ ആയിരിക്കും നൽകുക . പ്രാരംഭ

ഘട്ടമെന്ന നിലയിൽ സംസ്ഥനത്തെ 10 അംഗങ്ങൽക്കായിരിക്കും തുക നൽകുക. പ്രസ്തുത പദ്ധതി പ്രകാരം സ്വയം തൊഴിൽ കണ്ടെത്തി ട്രാൻസ്ജെൻഡർ വ്യക്തികളെ സ്വയം പര്യാപ്തരക്കാൻ കഴിയും . അപേക്ഷകൾ വകുപ്പിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലിൽ നേരിട്ട് നൽകാവുന്നതാണ്.

**ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം**

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നു. ഒരു ജില്ലയിൽ 5 വീതം ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകാനാണ് പ്രാരംഭ ഘട്ട തീരുമാനം . ഇതിൻ പ്രകാരം 14 ജില്ലകളിലും അപേക്ഷ സ്വീകരിക്കുകയും ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകളുടെ അംഗീകാരത്തോടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018 മാർച്ച് മാസം തന്നെ പരിശീലന പരിപാടിക്കുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു . പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

**ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി**

നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ ദമ്പതികൾക്കാണ് ഈ പദ്ധതി ലഭ്യമാകുന്നത്. 30,000/- രൂപയാണ് ധനസഹായമായി ലഭ്യമാകുന്നത്. വിവാഹശേഷം 6 മാസത്തിനു ശേഷവും ഒരു വർഷത്തിനകവും ധനസഹായതിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകരിൽ ഒരാൾ മാത്രം ട്രാൻസ്ജെൻഡർ വ്യക്തിയാണെങ്കിലും ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. അപേക്ഷകൾ വകുപ്പിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലിൽ നേരിട്ട് നൽകാവുന്നതാണ്.

**കെയർ ഹോം/ ഷോർട് സ്റ്റേ ഹോമുകൾ**

കെയർ ഹോം /ഷോർട് സ്റ്റേ ഹോമുകൾ കേരളത്തിലെ വിവിധ കമ്മ്യൂണിറ്റി ബേസ്ഡ് ഒർഗനൈസേഷന്റെ കീഴിൽ പ്രവർത്തിക്കുന്നതായിരിക്കും . പ്രാരംഭ ഘട്ടമെന്ന നിലയിൽ കേരളത്തിൽ 5 കെയർ ഹോം / ഷോർട് സ്റ്റേ ഹോമുകൾ അരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്.

**നൈപുണ്യ വികസന പരിശിലന പരിപാടി**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതക്കും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിക്കുന്നത്. സർക്കാർ/സർക്കാരിതര ഏജൻസി മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**<u>വയോജന വിഭാഗം</u>**

**മന്ദഹാസം പദ്ധതി**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ച് കൊടുക്കുന്ന മന്ദഹാസം പദ്ധതി. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 60 വയസ്സ് തികഞ്ഞവർ. പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവരും, അതല്ലെങ്കിൽ ഭാഗീകമായി നഷ്ടപ്പെട്ട് അവശേഷിക്കുന്നവ ഉപയോഗയോഗ്യമല്ലാത്തതിനാൽ പറിച്ച് നീക്കേണ്ട അവസ്ഥയിലുള്ളവർ. കൃത്രിമ പല്ലുകൾ വെയ്ക്കുന്നതിന് അനുയോജ്യമെന്ന് യോഗ്യത നേടിയ ദന്തിസ്റ്റ് നിശ്ചിത ഫോറത്തിൽ സക്ഷ്യപ്പെടുത്തിയവർ. ഒരാൾക്ക് പരമാവധി ലഭിക്കുന്ന ധനസഹായതുക 5,000/- രൂപയാണ്. എന്നാൽ ഭാഗീകമായി മാത്രം പല്ലുകൾ മാറ്റി വെയ്ക്കുന്നതിന് ഈ പദ്ധതിയുടെ ആനുകല്യം അനുവദിക്കുന്നതല്ല. ഓരോഘട്ടത്തിൽ 1500 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പല്ലുകൾ നൽകാവുന്നതാണ്. അപേക്ഷകൾ നിർദ്ദിഷ്ട രേഖകളോടൊപ്പം അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

5. വയോമധുരം പദ്ധതി

ബി.പി.എൽ വിഭാഗത്തിലെ വയോജനങ്ങൾക്കായി രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് നിർണ്ണയിക്കുന്ന ഗ്ലൂക്കോമീറ്റർ സൗജന്യമായി വിതരണം ചെയ്യുന്ന "വായോമധുരം പദ്ധതിയ്ക്ക്"ടി ഉപകരണത്തിന്റെ ഉപയോഗ രീതി സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് ബോധവൽക്കരണം നൽകുന്ന വേദിയിൽവച്ച് പൊതുജന പങ്കാളിത്തത്തോടുകൂടി പ്രസ്തുത വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

<u>മറ്റുള്ള പദ്ധതികൾ</u>

1. മിശ്ര വിവാഹ ധനസഹായ പദ്ധതി

പട്ടികജാതി/പട്ടികവർഗ്ഗം ഒഴികെ മിശ്രവിവാഹം ചെയ്തത് മൂലം സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്ന ദമ്പതിമാർക്ക് ധനസഹായം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നു. പദ്ധതി മുഖേന അനുവദിക്കുന്ന സാമ്പത്തിക ധനസഹായം 30,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ദമ്പതിമാരുടെ വാർഷിക വരുമാന പരിധി 1,00,000/- രൂപയാണ്. നിയമപരമായി വിവാഹം രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. ദമ്പതികൾക്ക് ധനസഹായത്തിന് ഒരു തവണ മാത്രമേ അർഹതയുള്ളൂ. ധനസഹായമായി നൽകുന്നതുക വ്യവസായം ആരംഭിക്കാൻ, സ്ഥലംവാങ്ങൽ, ഭവന നിർമ്മാണം തുടങ്ങിയ മൂലധനനിക്ഷേപങ്ങൾക്ക് വേണ്ടി വിനിയോഗിക്കേണ്ടതാണ്. അപേക്ഷ വിവാഹത്തിനുശേഷം ഒരു വർഷത്തിനുശേഷം രണ്ട് വർഷത്തിനകം സമർപ്പിച്ചിട്ടുള്ളതാകണം.

## അനുബന്ധം – III

**1. ക്യാൻസർ സുരക്ഷാ പദ്ധതി**: മാനദണ്ഡങ്ങൾ:

- 0.11.08 ന ശേഷം ക്യാൻസർ ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള 18 വയസ്സിന് താഴെയുള്ള കുട്ടികളാണ് ഗുണഭോക്താക്കൾ.
- രോഗബാധയുള്ളതായി സ്ഥിരീകരിക്കപ്പെട്ടശേഷം മാത്രമാണ് രോഗികൾക്ക് രജിസ്റ്റർ ചെയ്യാൻ കഴിയുക. ബയോപ്സി/റേഡിയോളജിക്കൽ ഇമേജിംഗ് റിപ്പോർട്ടുകൾ സ്ഥിരീകരണത്തിനുള്ള അടിത്തറയായിരിക്കും.
- പാവപ്പെട്ട കുടുംബങ്ങളിലെ രോഗികൾക്ക് മാത്രമാണ് സ്കീമിന്റെ സഹായത്തിന് അർഹതയുണ്ടായിരിക്കുക.
- ചികിത്സ ആരംഭിച്ചതിനുശേഷം രോഗികൾക്ക് 18 വയസ്സ് പൂർത്തിയാവുകയാണെങ്കിൽ പദ്ധതിയുടെ കൂടുതൽ സഹായങ്ങൾ പരമാവധി 19 വയസ്സുവരെ മാത്രമായിരിക്കും നീട്ടിനൽകുക.
- സംസ്ഥാന ഗവൺമെന്റുകൾ/പി.എസ്.യു/കേന്ദ്ര സർക്കാർ ജീവനക്കാരുടെ കുട്ടികൾക്ക് ഈ സ്കീം ബാധകമല്ല.
- മെഡിക്കൽ ഇൻഷുറൻസ്/മെഡിക്കൽ സ്കീം പരിധിക്കു വരുന്ന കുട്ടികൾക്ക് ഈ സ്കീം ബാധകമല്ല. മെഡിക്കൽ ഇൻഷുറൻസ് പരിധി കഴിഞ്ഞുള്ള ചെലവ് പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.
- നിയമാനുസൃത ആശുപത്രികളുടെ പേവാർഡുകളിൽ ചികിത്സ തേടുന്ന കുട്ടികൾക്ക് ഈ സ്കീം ബാധകമല്ല

**2. താലോലം പദ്ധതി**: മാനദണ്ഡങ്ങൾ:

- നിയമാനുസൃത ആശുപത്രികളിലെ ചികിത്സ തേടുന്ന മാരക രോഗങ്ങളുള്ള 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം.

ലഭിക്കുന്നത്.

- രോഗികൾക്ക് ഫറ്റാലറ്റി/മാലിഗ്നൻസി ഉണ്ടെന്ന് സ്ഥിരീകരിച്ചതിനുശേഷം മാത്രമേ രോഗികളെ രജിസ്റ്റർ ചെയ്യാൻ കഴിയുകയുള്ളൂ.
- ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.
- ചികിത്സ ആരംഭിച്ചതിനു ശേഷം രോഗികൾക്ക് 18 വയസ്സ് പൂർത്തിയാവുകയാണെങ്കിൽ പദ്ധതിയുടെ കൂടുതൽ സഹായങ്ങൾ പരമാവധി 19 വയസ്സുവരെ മാത്രമായിരിക്കും നീട്ടി നൽകുക.
- നിയമാനുസൃത ആശുപത്രികളുടെ പേവാർഡുകളിൽ ചികിത്സ തേടുന്ന കുട്ടികൾക്ക് ഈ സ്കീം ബാധകമല്ല.
- ഒരു കുട്ടിക്ക് 50,000/- രൂപ എന്ന പരിധി നിശ്ചയിച്ചാണ് ആദ്യ ധനസഹായം അനുവദി ക്കുന്നത്. എന്നിരുന്നാലും, ബന്ധപ്പെട്ട വകുപ്പിൻറെ തലവൻ , റേഡിയോളജി വിഭാഗം മേധാവി, സൂപ്രണ്ട്, മിഷൻ അംഗീകാരം നൽകിക്കൊണ്ടുള്ള കമ്മിറ്റി റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ആശുപത്രി അധികച്ചെലവ് വഹിക്കും.

3. ആശ്വാസകിരണം പദ്ധതി : മാനദണ്ഡങ്ങൾ

- കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശത്ത് 22,375/- രൂപയും, പഞ്ചായത്തുകളിൽ 20,000/- രൂപയും വരെ.
- മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരെ പരിചരിക്കുന്നവർക്ക് ധനസഹായത്തിന് വരുമാന പരിധി ബാധകമല്ല.
- വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി, മറ്റു ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്.
- പരിചരണം നൽകുന്നയാൾ (കെയർ ഗിവർ) ശമ്പളം പറ്റുന്നവരോ, മറ്റ് സ്ഥിര വരുമാനം ലഭിക്കുന്നവരോ ആയിരിക്കരുത്.
- ക്ഷേമ പെൻഷൻ ആനുകൂല്യങ്ങൾ (വിധവ പെൻഷൻ, വാർദ്ധക്യ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയവ) ലഭിക്കുന്നവർക്കും അവർ ചെയ്യുന്ന സേവനം (അവർ ശയ്യാവലംബരായ വ്യക്തികളെ പരിചരിക്കുന്നു എന്നത് ) പരിഗണിച്ച് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. എന്നാൽ ഇത്തരം പെൻഷനുകൾ ഒന്നും ലഭിക്കാത്തവർക്ക് മുൻഗണന നൽകുന്നതാണ്.
- അപേക്ഷകൾ നിശ്ചിത രേഖകളോടൊപ്പം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

4. സ്നേഹസ്പർശം പദ്ധതി : മാനദണ്ഡങ്ങൾ

- ചൂഷണത്തിനു വിധേയയായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ വനിതകളായിരിക്കണം ഗുണഭോക്താക്കൾ.
- നിലവിൽ മക്കൾ ഉള്ളവരായിരിക്കണം വിവാഹിതരോ ഏതെങ്കിലും പുരുഷനുമൊത്ത് കുടുംബമായി കഴിയുന്നവരോ ആയിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുകയില്ല.
- മറ്റ് പെൻഷനൊന്നും ലഭിക്കുന്ന വ്യക്തിയായിരിക്കരുത്.
- എല്ലാവർഷം ജൂൺ മാസം ഓരോ ഐ.സി.ഡി.എസ്. ബ്ലോക്കിലെയും ഗുണഭോക്താ ക്കളുടെ ലിസ്റ്റ് പ്രകാരമുള്ള ലൈഫ് സർട്ടിഫിക്കറ്റ് ശിശുവികസന പദ്ധതി ആഫീസർമാർ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്.
- 60 വയസ്സിന് താഴെ പ്രായമുള്ള വനിതകളായിരിക്കണം ഗുണഭോക്താക്കൾ.
- അപേക്ഷകൾ നിശ്ചിത രേഖകളോടൊപ്പം ബന്ധപ്പെട്ട ശിശുവികസന പദ്ധതി

ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

5. <u>എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ : മാനദണ്ഡങ്ങൾ</u>

- എൻഡോസൾഫാൻ ദുരിത ബാധിതരാകണം.
- കിടപ്പുരോഗികളായ എൻഡോസൾഫാൻ ദുരിത ബാധിതരെ പരിചരിക്കുന്നവർക്ക്
നൽകുന്ന ധനസഹായമാണ് സ്പെഷ്യൽ ആശ്വാസകിരണം.
- വരുമാന പരിധി ബാധകമല്ല.
- അപേക്ഷകൾ നേരിട്ട് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

<u>6. വയോമിത്രം പദ്ധതി : മാനദണ്ഡങ്ങൾ</u>

- 65 വയസ്സിന് മുകളിൽ പ്രായമുള്ള നഗരപ്രദേശങ്ങളിൽ താമസിക്കുന്ന വയജനമൊബൈൽ ക്ലിനിക്കും, കൗൺസിലിംഗും, വൈദ്യസഹായവും, മരുന്നും സൗജന്യമായി നൽകുന്നു.
- വരുമാന പരിധി ബാധകമല്ല.
- പ്രത്യേക അപേക്ഷ ഫാറം ഇല്ല.

<u>7. വിശപ്പു രഹിത നഗരം പദ്ധതി : മാനദണ്ഡങ്ങൾ</u>

- സർക്കാർ ആശുപത്രികളിലെ നിരാംബരായ രോഗികളും കൂട്ടിരിപ്പുകാരും ആയിരിക്കണം.
- പ്രത്യേക അപേക്ഷ ഫാറം ഇല്ല.

<u>8. ശ്രുതിതരംഗം പദ്ധതി : മാനദണ്ഡങ്ങൾ</u>

- 0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ

  രംഗത്തെ വിദഗ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.
- കുടുംബത്തിൻറെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.
- കേരളത്തിലുള്ള കുട്ടികളായിരിക്കണം.
- ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ വിദഗ്ധർ കുട്ടികളെ കോക്ലിയാർ ഇംപ്ലാൻറേഷന് ശുപാർശ ചെയ്തിട്ടുണ്ടായിരിക്കണം. കുട്ടിക്ക് കോക്ലിയാർ ഇംപ്ലാൻറേഷൻറെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.
- കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലനപരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന തുടർ ചികിത്സയായ ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.
- ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.

<u>ധ്വനി പദ്ധതി</u>

- ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുൻപ് കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികളായിരിക്കണം.
- 25 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം.

- കുടുംബത്തിൻറെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം. 2 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനം ഉള്ള കുടുംബമാണെങ്കിൽ സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ തുക കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭ്യമാക്കുന്ന പക്ഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ അപ്ഗ്രേഡ് ചെയ്യുന്ന നിരക്കിൽ സ്പീച്ച് പ്രോസസർ വാങ്ങി നൽകുന്നതാണ്.
- കേരളത്തിലുള്ള കുട്ടികളായിരിക്കണം.
- കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച ശേഷം സംസാര ശേഷി ലഭ്യമായ കുട്ടികളായിരിക്കണം. നിലവിൽ ഉപയോഗിക്കുന്ന സ്പീച്ച് പ്രോസസർ നന്നായി സൂക്ഷിച്ചവരായിരിക്കണം.
- ബന്ധപ്പെട്ട ആശുപത്രികളിലെ വിദഗ്ധർ കുട്ടികളെ സ്പീച്ച് പ്രോസസർ അപ്ഗ്രേഡേഷനായി ശുപാർശ ചെയ്തിട്ടുണ്ടായിരിക്കണം.
- ധ്വനി പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.

II. <u>കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിൻറനൻസ്.</u>

- കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ കഴിഞ്ഞവരായിരിക്കണം.
- 25 വയസ്സിനുള്ളിനുള്ളിൽ പ്രായമുള്ളവരായിരിക്കണം.
- കുടുംബത്തിൻറെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.
- കേരളത്തിലുള്ളവരായിരിക്കണം.
- നിശ്ചിത രീതിയിലുള്ള അപേക്ഷ അനുബന്ധരേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കണം.
- വാറണ്ടി/എക്സ്റ്റൻഡഡ് വാറണ്ടി എന്നിവ ഉപകരണങ്ങൾക്ക് നിലവിലുണ്ടെങ്കിൽ പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.
- ഈ പദ്ധതി പ്രകാരം വാങ്ങി നൽകുന്ന ഉപകരണങ്ങൾ കേടുകൂടാതെ സൂക്ഷിക്കുമെന്ന് അപേക്ഷകർ അപേക്ഷയിൽ തന്നെ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.
- ഒരു തവണ മെയിൻറനൻസിൻറെ ആനുകൂല്യം ലഭിച്ചുകഴിഞ്ഞാൽ കമ്പനി നൽകുന്ന വാറണ്ടി പിരീഡ് കഴിഞ്ഞതിനുശേഷം മാത്രമേ വീണ്ടും മെയിൻറനൻസിനായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.
- ശ്രുതിതരംഗം പദ്ധതി പ്രകാരം എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ മുഖേനയായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.

9. <u>വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി</u> : മാനദണ്ഡങ്ങൾ

- 40% മോ അതിന് മുകളിലോ ഭിന്നശേഷി ഉള്ളവർ ആണെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉള്ളവരാകണം.
- അപേക്ഷ നിശ്ചിത ഫാറത്തിൽ ആവശ്യമായ രേഖകളോടൊപ്പം നേരിട്ട് മിഷൻ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

<u>10. സ്നേഹപൂർവ്വം പദ്ധതി : മാനദണ്ഡങ്ങൾ</u>

- മാതാപിതാക്കൾ ഇരുവരും അഥവാ ഇവരിൽ ആരെങ്കിലും ഒരാൾ മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തിക പരാധീനതയാൽ കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയുള്ള കുടുംബങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുൺണ്ടായിരിക്കും.
- ബി പി എൽ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. എന്നിരുന്നാലും എ പി എൽ വിഭാഗത്തിൽപ്പെട്ട വാർഷിക

വരുമാനം (ഗ്രാമ പഞ്ചായത്ത്) മേഖലയിൽ 20,000/- രൂപ വരെയും നഗരങ്ങളിൽ 22,375/- രൂപ വരെയുമുള്ള കുട്ടികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കപ്പെടും.

- എച്ച്.ഐ.വി/എയ്ഡ്സ് ബാധിതരായ കുട്ടികളെയും സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടിത്തിയിട്ടുണ്ട്. എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന അപേക്ഷ നൽകേണ്ടതാണ്.
- കുട്ടികൾ സർക്കാർ/എയ്ഡഡ് സ്കൂൾ/കോളേജുകളിൽ പഠിക്കുന്നവരാകണം.
- സ്നേഹപൂർവ്വം പദ്ധതി അപേക്ഷകൾ കുട്ടികൾ പഠിക്കുന്ന സ്കൂൾ/കോളേജുകളിൽ നിന്നും നിശ്ചിത രേഖകളോടൊപ്പം ഓൺലൈൻ ആയി അയക്കേണ്ടതാണ്.

11. <u>സ്റ്റേറ്റ് ഇൻഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ്:</u> വൈകല്യ മേഖലയിൽ സാമൂഹ്യ നീതി വകുപ്പ് ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സ്റ്റേറ്റ് ഇൻഷിയേറ്റീവ് ഓൺ ഡിസബിലിറ്റീസ്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ വൈകല്യ പ്രതിരോധം , നേരത്തെ കണ്ടെത്തു പിടിക്കൽ , പ്രാരംഭ ഇടപെടൽ, വിദ്യാഭ്യാസം, പരിശീലനം, തൊഴിൽ എന്നിവയാണ്. പ്രത്യേക മാനദണ്ഡം, അപേക്ഷ എന്നിവ ഇല്ല.

12. <u>സമാശ്വാസം : സമാശ്വാസം I - മാനദണ്ഡങ്ങൾ</u>

- അപേക്ഷകൻ മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബാംഗമായിരിക്കണം.
- അപേക്ഷകൻറെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം
- മറ്റ് സർക്കാർ ആനുകൂല്യം ലഭിക്കുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

<u>സമാശ്വാസം II - മാനദണ്ഡങ്ങൾ</u>

- വാർഷിക കുടുംബ വരുമാനം 1 ലക്ഷത്തിൽ താഴെയായിരിക്കണം.
- വൃക്ക/കരൾ എന്നീ അവയവങ്ങളിലേതെങ്കിലും മാറ്റിവയ്ക്കപ്പെട്ട രോഗികൾ ആയിരിക്കണം.
- മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
- ശസ്ത്രക്രിയ കഴിഞ്ഞ തീയതി മുതൽ 5 വർഷത്തേയ്ക്കാണ് സമാശ്വാസം - II പദ്ധതി ആനുകൂല്യത്തിന് അർഹത.

<u>സമാശ്വാസം III- മാനദണ്ഡങ്ങൾ</u>

- ഈ പദ്ധതി സാമൂഹ്യ നീതിവകുപ്പിനു വേണ്ടി കേരള സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്നു.
- രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങളുടെ കുറവ് മൂലം ഉണ്ടാകുന്ന ഹീമോഫീലിയും അനുബന്ധരോഗാവസ്ഥയും ഉള്ളവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.
- പ്രതിമാസം 1000/- രൂപയാണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുക.
- APL/BPL വ്യത്യാസമില്ലാതെ ഹീമോഫീലിയ ബാധിച്ചിട്ടുള്ള എല്ലാ ആളുകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.
- സർക്കാരിൻറെ ക്ഷേമപെൻഷനുകളോ മറ്റു ധനസഹായങ്ങളോ

ലഭിക്കുന്നവർക്കും ഈ പ്രത്യേക പ്രതിമാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും

- ഹീമോഫീലിയ ബാധിച്ചയാളാണെന്ന് ഗവൺമെൻറ് മെഡിക്കൽ കോളേജിലെ മെഡിസിൻ/ പീഡിയാട്രിക്സ്/ ഹെമറ്റോളജി വിഭാഗത്തിലെ ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം. വകുപ്പ് തലവനോ/സ്ഥാപന സൂപ്രണ്ടോ മെഡിക്കൽ സർട്ടിഫിക്കറ്റിൽ counter sign ചെയ്തിരിക്കണം.
- അർഹതയുള്ള ഗുണഭോക്താക്കൾക്ക് അവരുടെ പേരിലോ 15 വയസിനു താഴെയുള്ള കുട്ടികളാണെങ്കിൽ കുട്ടിയുടെയും രക്ഷകർത്താവിൻറെയും പേരിലുള്ള joint account ലേക്ക് കോർബാങ്കിംഗ്/ RTGS വഴി പദ്ധതി ആനുകൂല്യം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുന്നതാണ്.
- എല്ലാവർഷവും ജനുവരി/ജൂൺ മാസങ്ങളിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

<u>സമാശ്വാസം IV - മാനദണ്ഡങ്ങൾ</u>

- സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത അരിവാൾ രോഗം ബാധിച്ച പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രോഗബാധിതരാണ് ഗുണഭോക്താക്കൾ.
- വാർഷിക കുടുംബ വരുമാനം ഒരു ലക്ഷത്തിൽ താഴെയായിരിക്കണം.
- (HBAS) Sickel Cell Trair Case ന് ചികിത്സ ആവശ്യമില്ല, അത്തരം കേസുകളെ ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

സമാശ്വാസം I, സമാശ്വാസം II എന്നീ പദ്ധതികളുടെ നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് ശിശുവികസന പദ്ധതി ആഫീസർക്ക് നൽകേണ്ടതാണ്. സമാശ്വാസം III, സമാശ്വാസം IV എന്നീ പദ്ധതികളുടെ നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റിനോടൊപ്പം നേരിട്ട് ഈ കാര്യാലയത്തിൽ നൽകേണ്ടതാണ്.

13. <u>ജുവനൈൽ ഡയബറ്റിസ് ബാധിതരായ കുട്ടികൾക്ക് ഇൻസുലിൻ വിതരണം ചെയ്യുന്ന പദ്ധതി (മിഠായി) - മാനദണ്ഡങ്ങൾ</u>

- അപേക്ഷകർ 18 വയസ്സിന് താഴെ പ്രായമുള്ളവരായിരിക്കണം. എന്നാൽ സ്പെഷ്യൽ കേസുകൾ പരിഗണിക്കുവാൻ ടെക്നിക്കൽ കമ്മിറ്റിയ്ക്ക് അധികാരമുണ്ടായിരിക്കും.
- കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം
- അപേക്ഷകരും രക്ഷിതാക്കളും കേരളത്തിൽ സ്ഥിര താമസമുള്ളവരായിരിക്കണം.
- ടൈപ്പ് I ഡയബറ്റിക് ആണെന്നും തുടർന്ന് ചികിത്സ ആവശ്യമാണെന്നും മിഠായി പദ്ധതയിൽ ഉൾപ്പെട്ട മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തി നൽകണം.
- ചികിത്സ ആരംഭിക്കുന്നതിന് മുൻപ് രക്ഷിതാക്കളുടെ സമ്മതപത്രം ആവശ്യമാണ്.
- ഡയബറ്റിക് ഉൾപ്പെടെയുള്ള ട്രയിനിംഗ് പ്രോഗ്രാമുകളിൽ നിർബന്ധമായും പങ്കെടുക്കുവാൻ രക്ഷിതാക്കൾ തയ്യാറായിരിക്കണം.
- ടി പദ്ധതിയിൽ അപേക്ഷിക്കുന്നതിന് www.mittayi.org എന്ന വെബ്സൈറ്റ് മുഖേന അപേക്ഷകന് നേരിട്ടോ അക്ഷയ മുഖേനയോ അപേക്ഷിക്കാവുന്നതാണ്.